"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - ഇടുക്കി ജില്ല – ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിൽ യു.പി.എസ്, ഇൻവെർട്ടർ എന്നിവ സ്ഥാപിക്കുന്നതിന് ഇടുക്കി ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.424/2025/DMD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:- ഇടുക്കി ജില്ലാകളക്ടറുടെ 05.06.2025 തീയതിയിലെ DCIDK/979/2025-DM3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിലെ UPS, ഇൻവെർട്ടർ, രണ്ട് എയർ കണ്ടീഷണർ തുടങ്ങിയ ഉപകരണങ്ങൾ തകരാറിലാണെന്നും നിലവിൽ കാലവർഷം ആരംഭിച്ചിരിക്കുന്നതിനാൽ ആവർത്തിച്ച് വൈദ്യുതി മുടങ്ങുന്നത് ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇവ മാറ്റിസ്ഥാപിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കിയ 5,30,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും, തുകയും അനുവദിച്ച് നൽകണമെന്ന് പരാമർശ പ്രകാരം ഇടുക്കി ജില്ലാകളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ സുഗമമായ നടത്തിപ്പിനായി UPS, ഇൻവെർട്ടർ, എയർ കണ്ടീഷണർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ടും, ഇടുക്കി ജില്ലാകളക്ടർക്ക് 5,30,000/- (അഞ്ചു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2245-02-101-94-01 F – Other items (Capacity Building Window) എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, ഇടുക്കി
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 26-06-2025 17:21:35
സെക്ഷൻ ഓഫീസർ